# തിരുഹൃദയ മാസിക
(Sacred Heart Monthly)

**Vol. 80**
**2015 October**


## സമർപ്പിത വർഷം

80 Years of Publication


*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Saji Kochuparambil**
S.H.Monthly
Catholic Mission Press
Building, K.K. Road
Kottayam - 686 001


## ഈ ലക്കത്തിൽ


- സർക്കുലറുകൾ
- കൂരിയ വാർത്തകൾ
- തൂവാനീസാ പ്രോഗ്രാം
- ചൈതന്യ- പ്രോഗ്രാം
- ചൈതന്യ കമ്മീഷൻസ്
- വൊക്കേഷൻ കമ്മീഷൻ
- ഫാമിലി കമ്മീഷൻ
- ലീജിയൻ ഓഫ് മേരി
- ചെറുപുഷ്പ മിഷൻലീഗ്
- സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി
- കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
- മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി
- അഭി. പിതാക്കന്മാരുടെ ഡയറി
- **Engagements**
  Mar Mathew Moolakkatt
  Mar Joseph Pandarasseril
- വചനദർശനം
- വാർത്തകൾ



## വാർഷിക വരിസംഖ്യ

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

Circular No. 176
Mission Sunday 2015

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

Date: 28-09-2015

പ്രിയ ബഹു. അച്ചാ, സ്നേഹമുള്ള ദൈവജനമെ,

ക്രൈസ്തവ ജീവിതം നിരന്തരം സുവിശേഷ പ്രഘോഷണമാണെന്ന സത്യം നമ്മെ അനുസ്മരിപ്പിച്ചുകൊണ്ട് കടന്നുവരുന്ന ലോക മിഷൻ ഞായർ സാർവ്വത്രിക സഭ ഈ വർഷം ഒക്ടോബർ 18-ാം തീയതി ആചരിക്കുകയാണ്. മാമ്മോദീസായിലൂടെ നമുക്കു നൽകപ്പെട്ടിരിക്കുന്ന ഈ വലിയ ഉത്തരവാദിത്വത്തെപ്പറ്റി കൂടുതൽ അവബോധമുളവാക്കാനും അനുദിന ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം നൽകാനും ഈ ദിനം പ്രത്യേകമാംവിധം നമ്മോടാഹ്വാനം ചെയ്യുന്നു.

പ്രേഷിത പ്രവർത്തനം സഭയുടെ ഏറ്റം മഹത്വപൂർണ്ണവും പരിപാവനവുമായ കടമയാണ്. (Ag 29) ക്രൈസ്തവ ജീവിതത്തിന്റെ ആനന്ദവും ആഘോഷവും നമ്മിൽ നിറയുന്നത് പ്രേഷിത തീഷ്ണതയിലൂടെയാണ്. രക്ഷയുടെ സന്ദേശം സ്വീകരിച്ചവർ ആവേശത്തോടെ അത് സഹോദരങ്ങളിലേക്ക് പകരുമ്പോഴാണ് സുവിശേഷത്തിന്റെ അഗ്നി കത്തിപടരുന്നതും ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്നതും. സഭയെ സജീവമാക്കുന്നത് സുവിശേഷ പ്രഘോഷണമാണ്. അതുകൊണ്ടാണ് "സഭ അവളുടെ സ്വഭാവത്താൽത്തന്നെ പ്രേഷിതയാണ്" (AG 2) എന്ന് രണ്ടാംവത്തിക്കാൻ കൗൺസിൽ നമ്മെ അനുസ്മരിപ്പിക്കുന്നത്.

സഭയുടെ ഈ പ്രേഷിത സ്വഭാവം അനുദിന ജീവിത സാഹചര്യങ്ങളിലൂടെ പ്രകാശിപ്പിക്കാൻ ഓരോ ക്രൈസ്തവനും പ്രത്യേകമായ ചുമതലയുണ്ട്. സഭയുടെ അടിസ്ഥാന ഘടകമായ കുടുംബം പ്രേഷിത ചൈതന്യത്തിന്റെ പ്രഭവകേന്ദ്രമാകണം. വിവിധങ്ങളായ വെല്ലുവിളികളുടെ മദ്ധ്യത്തിൽ പതറാതെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്ന ക്രൈസ്തവ കുടുംബങ്ങൾ നൽകുന്ന ജീവിതസാക്ഷ്യം നിരന്തരമായ സുവിശേഷ പ്രഘോഷണമാണ്. മാതൃകാപരമായ കുടുംബജീവിതത്തിലൂടെയും ജീവിത സാഹചര്യങ്ങളിൽ സുവിശേഷ

ത്തോട് പുലർത്തുന്ന പ്രതിബദ്ധതയിലൂടെയുമാണ് ഓരോ അത്മായരും തങ്ങളുടെ പ്രേഷിതദൗത്യം ഫലപ്രദമായി നിറവേറ്റുക.

സാർവ്വത്രിക സഭ സമർപ്പിതവർഷമായി ആചരിക്കുന്ന ഈ അവസരത്തിൽ സമർപ്പിത ജീവിതത്തിലൂടെയുള്ള സുവിശേഷവൽക്കരണത്തെപ്പറ്റി മിഷൻ ഞായർ നമ്മെ പ്രത്യേകമാംവിധം അനുസ്മരിപ്പിക്കുന്നു. സമർപ്പിത ജീവിതവും പ്രേഷിതത്വവും തമ്മിൽ വലിയ ബന്ധമുണ്ട്. സഭയിൽ സമർപ്പിത ജീവിതത്തിന്റെ ഉത്ഭവം ഈശോയെ കൂടുതൽ അടുത്തനുകരിക്കാനുള്ള ആഗ്രഹമാണ്. പിതാവിനാൽ അയയ്ക്കപ്പെട്ട ഈശോയുടെ ജീവിതത്തിനു മുഴുവൻ ഒരു പ്രേഷിത സ്വഭാവമുണ്ട്. അതുകൊണ്ട് ഈശോയെ അടുത്തനുകരിക്കുന്ന എല്ലാവർക്കും ഈ പ്രേഷിത സവിശേഷത ഉണ്ടായിരിക്കണം. ഞാൻ സുവിശേഷം പ്രസംഗിക്കാതിരുന്നാൽ എനിക്ക് ദുരിതം എന്നുള്ള അപ്പസ്തോല വചനങ്ങൾ ഇക്കാര്യം നമ്മെ അനുസ്മരിപ്പിക്കുന്നു. സമർപ്പിത ജീവിതത്തിലേക്കു വിളിക്കപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിയും തങ്ങൾക്കു പ്രത്യേകമാംവിധം ലഭിച്ചിരിക്കുന്ന പ്രേഷിത ദൗത്യത്തെപ്പറ്റി കൂടുതൽ അവബോധമുള്ളവരാകാൻ ഈ മിഷൻ ഞായർ ആചരണം അവർക്കു സഹായകമാകട്ടെ. സുവിശേഷ പ്രഘോഷണത്തിനായി പൂർണ്ണമായും നീക്കിവയ്ക്കപ്പെട്ട സമർപ്പിത ജീവിതങ്ങൾ സഭയുടെ യഥാർത്ഥ സമ്പന്നതയുടെ അടയാളമാണെന്ന ബോധ്യത്തോടെ സമർപ്പിതരെ ആദരിക്കാനും സമർപ്പിത ദൈവവിളികളെ പ്രോത്സാഹിപ്പിക്കാനും മിഷൻ ഞായർ നമ്മോടാവശ്യപ്പെടുന്നു. നമ്മുടെ അതിരൂപതയിൽ നിന്നും വിവിധ മിഷൻ പ്രദേശങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സമർപ്പിതരെയും നമുക്ക് ഈ അവസരത്തിൽ കൃതജ്ഞതയോടെ അനുസ്മരിക്കാം. അവരിലൂടെ സാർവ്വത്രിക സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ ക്നാനായ സമുദായം നൽകുന്ന വിലപ്പെട്ട സംഭാവനകളെ അഭിമാനത്തോടെ അനുസ്മരിക്കുന്നതിനും അവരുടെ സേവനങ്ങളെ അഭിനന്ദിക്കുന്നതിനുമായി സമർപ്പിത വർഷാചരണങ്ങളുടെ ഭാഗമായി 2016 ജനുവരി 26-ാം തീയതി കോട്ടയം ക്രിസ്തുരാജാ കത്തീഡ്രലിൽ സമർപ്പിത മിഷനി സംഗമം നടത്തുന്ന കാര്യം നിങ്ങളെ സന്തോഷത്തോടെ അറിയിക്കട്ടെ.

നമ്മുടെ കുഞ്ഞുങ്ങളിൽ പ്രേഷിത ചൈതന്യം പരിപോഷിപ്പിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്ന ചെറുപുഷ്പ മിഷൻ ലീഗിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ മിഷൻ ഞായർ അവസരമൊരുക്കണം.

കുഞ്ഞുങ്ങളുടെ ക്രിസ്തീയ സ്വഭാവ രൂപവൽക്കരണത്തിലും പ്രേഷിത ചൈതന്യം പരിപോഷിപ്പിക്കുന്നതിലും അതിലുപരി അവരിലെ സമർപ്പിത ദൈവവിളികളെ തൊട്ടുണർത്തി വളർത്തിയെടുക്കുന്നതിലും ചെറുപുഷ്പ മിഷൻലീഗ് വലിയ പങ്കുവഹിക്കുന്നുണ്ട്. അതിനാൽ ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനങ്ങളെ എല്ലാവിധത്തിലും പ്രോത്സാഹിപ്പിക്കാൻ നമുക്ക് പരിശ്രമിക്കാം. നിലനിൽക്കുന്ന നന്മകൾ നമ്മുടെ കുഞ്ഞുങ്ങൾക്കു നൽകുന്ന ഈ സംഘടനയിൽ സജീവമായി പ്രവർത്തിക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും അതുവഴി അവരിലും പ്രേഷിത ചൈതന്യം വളർത്തിയെടുക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നതിലൂടെ നമ്മുടെ പ്രേഷിത ദൗത്യം കൂടുതൽ ഫലപ്രദമായി നിറവേറ്റാൻ നമുക്കു പരിശ്രമിക്കാം.

അനുഗൃഹീതവും അർത്ഥപൂർണ്ണവുമായ മിഷൻ ഞായർ അനുസ്മരണത്തിലൂടെ ക്നാനായ സമുദായത്തിന്റെ മിഷൻ ചൈതന്യം കൂടുതൽ തീഷ്ണവും ശക്തവുമാക്കാൻ നമുക്കേവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

*മിഷൻദിനാശംസകൾ ഏവർക്കും നേരുന്നു.*

ഈശോയിൽ സ്നേഹപൂർവ്വം,

✠ **മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ ഒക്ടോബർ 18-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിച്ചറിയിക്കേണ്ടതും അന്നത്തെ സ്തോത്രകാഴ്ച അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കേണ്ടതുമാണ്.

# കൂരിയ വാർത്തകൾ

## ദൈവദാസൻ മാർ മാത്യു മാക്കിൽ: രൂപതാതല അന്വേഷണം പൂർത്തിയാക്കുന്നു

ദൈവദാസൻ മാർ മാത്യു മാക്കീലിന്റെ വിശുദ്ധപദവിയിലേക്ക് ഉയർത്തുന്നതു സംബന്ധിച്ച് നടപടികളുടെ അതിരൂപതാതല അന്വേഷണം പൂർത്തിയായി. ഔദ്യോഗിക സമാപന ചടങ്ങുകൾ 2015 നവംബർ 3-ാം തീയതി ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ നടത്തപ്പെടുന്നതാണ്.

## പാസ്റ്ററൽ കൗൺസിൽ

അതിരൂപത പാസ്റ്ററൽ കൗൺസിൽ 2015 നവംബർ 10-ാം തീയതി 10.30 ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ കൂടുന്നതാണ്.

## ഫൊറോന വികാരിമാരുടെ മീറ്റിങ്ങ്

അതിരൂപതയിലെ ഫൊറോന വികാരിമാരുടെ മീറ്റിങ്ങ് 2015 നവംബർ 10-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ചൈതന്യ പാസ്റ്ററൽ സെന്ററിൽ കൂടുന്നതാണ്.

## പ്രസ്ബിറ്ററൽ കൗൺസിൽ

അതിരൂപത പ്രസ്ബിറ്ററൽ കൗൺസിൽ 2015 നവംബർ 11-ാം തീയതി 10.30 ന് ചൈതന്യ പാസ്റ്ററൽ സെന്ററിൽ കൂടുന്നതാണ്.

## വൈദീകരുടെ മാസധ്യാനം

അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന വൈദീകരുടെ ക്രിസ്മസ്സിനോടനുബന്ധിച്ചുള്ള ധ്യാനം ഡിസംബർ 15-ാം തീയതി ചൈതന്യ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നതാണ്.

# തൂവാനീസ പ്രോഗ്രാം

| | |
|---|---|
| ഒക്ടോബർ 2, 3, 4, 5 | യുവജനധ്യാനം (+2 വിദ്യാർത്ഥികൾക്ക്) |
| 11 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം<br>(ഫാ. ജോസ് വടകര, ബ്ര. അലക്സ് & ടീം) |
| 18 | SJC സിസ്റ്റേഴ്സിനുള്ള ധ്യാനം |
| 25 | ആന്തരിക വിശുദ്ധീകരണ ധ്യാനം<br>(ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം) |

# CHAITHANYA PROGRAMME
## October 2015

| Date | Programme |
|---|---|
| 1 | KSSS World Elder’s Day Celebration |
| 2 | Social Action Meeting |
| 2 | KSSS Animators' Meeting |
| 3 | Catechism and Vocation Commissoin Meeting |
| 7 | KSSS Co-ordinators' Meeting |
| 8-10 | Pre-Marriage Course |
| 10 | Family Commission Silver Jubilee Sangamam |
| 10-11 | Vocational Higher Secondary Students’ Training |
| 11 | Charismatic Temperance |
| 12-16 | Co-operative Bank EmployeesTraining |
| 12 | KSSS Beautician Training |
| 12 | KSSS Tailoring Training |
| 13 | Karshikamela Stalls - Auction |
| 15 | KSSS Co-ordinators' Meeting |
| 15-17 | National Conference MG University |
| 17 | KSSS Mushroom Cultivation Training |
| 17 | KCSL Competitions |
| 17 | KSSS Ornament-making Training |
| 17 | KSSS Candle-making Training |
| 17 | KSSS Rabbit Rearing Training |
| 17 | KSSS Alternative Lifestyle Training |
| 18 | KSSS CBR Neurological Medical Camp |
| 20 | SAFP Regional Get-together |
| 20 | Commission Meeting |
| 22 | Education and Ecumenical Commissoin Meeting |
| 22 | KSSS CBR CRC |
| 23 | KSSS Animators' Meeting |
| 24 | SAFP Regional Get-together |
| 22-24 | CML Camp |
| 26-31 | Co-operative Bank Employees Training |
| 27 | KSSS Co-ordinators' Meeting |
| 30-1 | Jeeva Darshana Camp - Kallara old Parish |
| Nov. 3 | KSSS Animators' Meeting |

# ചൈതന്യ കമ്മീഷൻസ്

## വിവിധ കമ്മീഷനുകളുടെ ജനറൽ ബോഡി മീറ്റിംഗുകൾ

കോട്ടയം: അതിരൂപതയിൽ പ്രവർത്തിക്കുന്ന വിവിധ അജപാലന കമ്മീഷനുകളുടെ ജനറൽ ബോഡി മീറ്റിംഗുകൾ നടത്തപ്പെടുന്നു. അതിരൂപതാ കമ്മീഷൻ അംഗങ്ങളും അതാതു കമ്മീഷനുകളിലേയ്ക്ക് ഇടവക പാരീഷ് കൗൺസിലിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

- സോഷ്യൽ ആക്ഷൻ കമ്മീഷൻ ഒക്ടോബർ 2 ന് ചൈതന്യയിൽ
- മതബോധനം & ദൈവവിളി കമ്മീഷൻസ് ഒക്ടോബർ 3 ന് ചൈതന്യയിൽ
- കരിസ്മാറ്റിക് & ടെമ്പറൻസ് കമ്മീഷൻസ് ഒക്ടോബർ 11 ന് തൂവാനീസായിൽ

## ഹൈറേഞ്ച് ഫൊറോന പ്ലാനിംഗ് മീറ്റിംഗ്

സോഷ്യൽ ആക്ഷൻ കമ്മീഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഹൈറേഞ്ച് മേഖലയിലെ പ്ലാനിംഗ് മീറ്റിംഗ് ഒക്ടോബർ 11-ാം തീയതി ഞായറാഴ്ച തെള്ളിത്തോട് പള്ളിയിൽ വച്ച് നടത്തപ്പെടുന്നതാണ്.

## ചൈതന്യ കമ്മീഷൻ പ്ലാനിംഗ് മീറ്റിംഗ്

ചൈതന്യ കമ്മീഷൻസ് ചെയർമാന്മാരുടെ മീറ്റിംഗ് ഒക്ടോബർ 20-ാം തീയതി ചൊവ്വാഴ്ച അതിരൂപതാദ്ധ്യക്ഷൻ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**ഫാ. ജിജോ നെല്ലിക്കാകണ്ടത്തിൽ**

(കോർഡിനേറ്റർ, ചൈതന്യ കമ്മീഷൻസ്)

# വൊക്കേഷൻ കമ്മീഷൻ

## റവ. ഡോ. ബിബി തറയിൽ കെ.സി.ബി.സി. വൊക്കേഷൻ റിജണൽ കോ-ഓർജിനേറ്റർ

കെ.സി.ബി.സി. കോട്ടയം റീജിയണൽ വൊക്കേഷൻ പ്രമോട്ടേർസ് മീറ്റ് സെപ്റ്റംബർ 16 ബുധനാഴ്ച അതിരൂപത മൈനർ സെമിനാരി യിൽ നടത്തി. ഫാ. ബിബി തറയലിനെ കോ-ഓർഡിനേറ്ററായി തിര ഞ്ഞെടുത്തു. കോട്ടയം, പാലാ, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, വിജയ പുരം, തിരുവല്ല, ഇടുക്കി എന്നീ രൂപതകൾ ഉൾപ്പെടുന്നതാണ് കോട്ടയം റീജിയൺ.

## ഫോർമേറ്റേഴ്സ് മീറ്റിംഗ്

സെപ്റ്റംബർ 27 ഞായറാഴ്ച കോട്ടയം അതിരൂപത വൊക്കേഷൻ കമ്മീഷൻ പരിശീലകരുടെ മീറ്റിംഗ് കോതനല്ലൂർ എൽ.ഡി.എസ്.ജെ.ജി കോൺവെന്റിൽ വച്ച് രാവിലെ 9 ന് കുർബാനയോടുകൂടി ആരംഭിച്ച് 1 മണിക്ക് അവസാനിപ്പിക്കുന്ന രീതിയിൽ നടത്തപ്പെടുന്നു.

## വൊക്കേഷൻ കമ്മീഷൻ ജനറൽ ബോഡി മീറ്റിംഗ്

ഒക്ടോബർ 3 ശനിയാഴ്ച ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് വൊക്കേഷൻ പരിശീലനകരുടെയും വൊക്കേഷൻ കമ്മീഷൻ പാരീഷ് കൗൺസിൽ പ്രതിനിധികളുടെയും മീറ്റിംഗ് രാവിലെ 9 മുതൽ 1 വരെ നടത്തപ്പെടുന്നു.

**ഫാ. ബിബി തറയിൽ**

ചെയർമാൻ, വൊക്കേഷൻ കമ്മീഷൻ

# ഫാമിലി കമ്മീഷൻ

## ഫാമിലി കമ്മീഷൻ നേതൃസംഗമം

കോട്ടയം : കോട്ടയം അതിരൂപതയിലെ ഫാമിലി ഡയാസ്പറ കമ്മീ ഷനുകളുടെ സംഗമം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. സംഗമത്തിന്റെ ഉദ്ഘാടനം അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് നിർവ്വഹിച്ചു. വിശ്വാസ ചൈതന്യത്തിലധിഷ്ഠിതമായ കുടുംബ

നവീകരണ പരിപാടികൾ ഇന്നിന്റെ ആവശ്യമാണെന്നും, വ്യക്തി-കുടുംബ-സാമൂഹിക ബന്ധങ്ങളിലൂടെ മൂല്യങ്ങളുടെ പ്രചാരകരായി മാറുവാൻ ഓരോരുത്തരും പരിശ്രമിക്കണമെന്നും അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഫാമിലി കമ്മീഷൻ ചെയർമാൻ ഫാ. ബ്രസൻ ഒഴുങ്ങാലിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

ക്നാനായ കാത്തലിക് യൂത്ത് ലീഗ് ചാപ്ലെയിനും ഡയാസ്പറ മിനിസ്ട്രിയുടെ ഡയറക്ടറുമായ ഫാ. സൈമൺ പുല്ലാട്ട് മുഖ്യപ്രഭാഷണം നടത്തി. ഇടവകയിലെ പ്രവാസികൾ അധിവസിക്കുന്ന രാജ്യവും സ്ഥലവും ഉൾപ്പെടുന്ന ലിസ്റ്റ് തയ്യാറാക്കുവാനും ഇന്ത്യയിൽ മറ്റ് സ്ഥലങ്ങളിൽ നമ്മുടെ യുവജനങ്ങൾ എത്തിച്ചേരുമ്പോൾ അവിടെയുള്ള കെ.സി.വൈ.എൽ യുവജനങ്ങളുമായി ബന്ധം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും മറുനാട്ടിൽ ഏതെങ്കിലും തരത്തിലുള്ള ആവശ്യങ്ങൾ ഉണ്ടെങ്കിൽ പ്രവാസികളുടെ ചുമതല വഹിക്കുന്ന ഡയറക്ടർ അച്ചനുമായി ബന്ധപ്പെട്ടാൽ അദ്ദേഹം അതതുപ്രദേശത്തുള്ള കെ.സി.വൈ.എൽ യൂണിറ്റുമായി ബന്ധപ്പെട്ട് കൂടുതൽ സഹായം ചെയ്ത് കൊടുക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി.

ക്നാനായ കാത്തലിക് വിമൻസ് അസോസിയേഷൻ പ്രസിഡന്റ് പ്രൊഫ. ഡെയ്സി പച്ചിക്കര, ഫാമിലി കമ്മീഷൻ സെക്രട്ടറി ജോസ് പൂക്കുമ്പേൽ എന്നിവർ പ്രസംഗിച്ചു. വിവിധ ഇടവകകളിൽ നിന്നായി 60 പേർ പങ്കെടുത്തു. ഉത്തരവാദിത്വ പൂർണ്ണമായ നേതൃത്വം ഇടവകതലത്തിൽ എന്ന വിഷയത്തിൽ പാലാ രൂപതാംഗമായ പ്രൊഫസർ തങ്കച്ചൻ ക്ലാസ്സ് നയിച്ചു.

ഫാമിലി കമ്മീഷൻ അംഗങ്ങളുടെ പ്രവർത്തന സാധ്യതകൾ - ഇടവക തലത്തിലും, അതിരൂപതാതലത്തിലും, കുടുംബം- ദാമ്പത്യ വെല്ലുവിളികളും പരിഹാര മാർഗ്ഗങ്ങളും എന്നീ വിഷയങ്ങളിലും ചർച്ചകൾ നടത്തി.

**ഗ്രൂപ്പ് ചർച്ചയിൽ കണ്ടെത്തിയ പ്രധാന വെല്ലുവിളികൾ:**

ദാമ്പത്യ വിശ്വസ്തത, വിവാഹം സ്ഥിരമായി നിൽക്കേണ്ട പരിശുദ്ധമായ ബന്ധമാണെന്ന ബോദ്ധ്യം, ഉപഭോഗ സംസ്ക്കാരം, മാധ്യമങ്ങളുടെ സ്വാധീനം, കുടുംബത്തിലെ ആശയവിനിമയം, ആധിപത്യ പ്രവണത,

വാക്കുകളുടെ ദുരുപയോഗം, മദ്യപാനം, ലൈംഗികതയെക്കുറിച്ചുള്ള തെറ്റായ ധാരണകൾ, ഒരുക്കമില്ലാത്ത കുടുംബജീവിതം

**നിർദ്ദേശിക്കപ്പെട്ട പരിഹാര മാർഗ്ഗങ്ങൾ**

- ദമ്പതികൾ പരസ്പരം പങ്കുവയ്ക്കുകയും ഉത്തരവാദിത്വങ്ങൾ രണ്ടു പേരും ഒന്നിച്ച് ഏറ്റെടുക്കുകയും ചെയ്യുക
- മദ്യപാനം ഉപേക്ഷിക്കുകയും പ്രോത്സാഹനം നൽകാതിരിക്കുകയും ചെയ്യുക.
- പ്രായമായവർക്ക് കുടുംബത്തിൽ വേണ്ടത്ര പരിഗണന നൽകുക.
- മാധ്യമങ്ങളുടെ ഉപയോഗത്തിൽ പ്രത്യേകം ശ്രദ്ധിക്കുക.
- കുടുംബ പ്രാർത്ഥന എല്ലാ ദിവസവും നടത്തുകയും സാധിക്കുന്നിടത്തോളം കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കുകയും ചെയ്യുക.
- ദിവസത്തിൽ ഒരു നേരമെങ്കിലും ടി.വി ഓഫ് ചെയ്ത് എല്ലാവരും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുക.
- കുടുംബ ചർച്ച എല്ലാ ദിവസവും നടത്തുക.
- നെഗറ്റീവ് ആയ കാര്യങ്ങൾ പ്രായപൂർത്തിയാകാത്ത മക്കളുടെ മുമ്പിൽ പറയാതിരിക്കുക.
- അപ്പന് കുടുംബത്തിൽ വേണ്ടത്ര പ്രാധാന്യം കൊടുക്കുക.
- ഭാര്യയും ഭർത്താവും പരസ്പരം ബഹുമാനപൂർവ്വം സംസാരിക്കുക, പ്രത്യേകിച്ചും മക്കളുടെ മുമ്പിൽ
- പണത്തേക്കാൾ ഉപരിയായി സുവിശേഷ മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുക. .

ഫാമിലി കമ്മീഷൻ അംഗങ്ങളുടെ പ്രവർത്തന സാധ്യതകളെക്കുറിച്ച് നടന്ന ചർച്ചയിൽ കുടുംബത്തിന്റെ ഭദ്രതയ്ക്ക് ഉതകുന്ന ക്രിയാത്മക പ്രവർത്തനങ്ങൾ ഇടവക വികാരിയോട് ചേർന്ന് ഇടവകയിൽ ചെയ്യുകയും അതിരൂപതാ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ നൽകുകയും ചെയ്യണമെന്ന് തീരുമാനിച്ചു.

**ഫാ. ബ്രസൻ ഓഴുങ്ങാലിൽ**
ചെയർമാൻ, ഫാമിലി കമ്മീഷൻ

# ലീജിയൻ ഓഫ് മേരി

## പ്രാർത്ഥനായോഗം

സെപ്റ്റംബർ 2-ാം തീയതി ചൊവ്വാഴ്ച 2 പി.എം. ന് ലീജിയൻ ഓഫ് മേരിയുടെ പ്രാർത്ഥനായോഗം വൈസ് പ്രസിഡന്റ് സി. ലൂസി തോമസിന്റെ നേതൃത്വത്തിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വെച്ച് കൂടുകയുണ്ടായി. സെപ്റ്റംബർ മാസത്തിൽ തന്നെ എല്ലാ പ്രസിദിയങ്ങളിലും വാർഷികം നടത്തണമെന്ന് തീരുമാനിച്ചു. ഞീഴൂർ പ്രസിദിയത്തിന്റെ പുതിയ ഭാരവാഹികൾ ചുമതലയേറ്റു. സെപ്റ്റംബർ മാസത്തിൽ മിക്കവാറും എല്ലാ പ്രസിദിയങ്ങളിലും വാർഷികം നടത്തി. അടുത്ത പ്രാർത്ഥനായോഗം ഒക്ടോബർ 6-ാം തീയതി നടത്തപ്പെടുന്നത്.

**മോളി സൈമൺ കരിമ്പുംകാലായിൽ**
പ്രസിഡന്റ്

# ചെറുപുഷ്പ മിഷൻലീഗ്

## സമർപ്പിത വർഷത്തിലെ പ്രവർത്തനങ്ങൾ

ഒക്ടോബർ 10 ശനിയാഴ്ച മിഷൻ കലോത്സവം എസ്.എച്ച് മൗണ്ട് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് രാവിലെ 9.30 ന് ആരംഭിക്കുന്നതാണ്. ഫൊറോനാ മത്സരത്തിൽ അർഹരായവരുടെ ഒന്നും രണ്ടും സ്ഥാനം ലഭിച്ചവരുടെ ലിസ്റ്റ് സെപ്റ്റംബർ 30 ന് മുമ്പായി ചൈതന്യയിൽ എത്തിക്കേണ്ടതാണ്. അതിരൂപത മത്സരത്തിന് വരുമ്പോൾ അതിരൂപതാ ഫീസ്, അംഗത്വ രജിസ്റ്റർ ഫോം (തരുവാനുള്ളവർ) കൊണ്ടു വരേണ്ടതാണ്.

## അതിരൂപത ക്യാമ്പ്

ഒക്ടോബർ 22, 23, 24 ദിവസങ്ങളിൽ ചൈതന്യയിൽ വച്ച് സീനിയർ ക്യാമ്പ് നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചയ്ക്ക് സമാപിക്കുന്നതാണ്. ക്യാമ്പ് ഫീസ് 350 രൂപയായിരിക്കും. പങ്കെടുക്കുന്നവർ ലിസ്റ്റ് ഒക്ടോബർ 15 മുമ്പായി വൈസ് ഡയറക്ടർ സിസ്റ്റർ ഷൈനി SVM, ബിനോയി എം.എൽ എന്നിവരെ അറിയിക്കണം. (മാർഗ്ഗ രേഖ- പേജ് നം. 33)

## ജപമാല സൈന്യ കൂട്ടായ്മയും ജപമാല സൈന്യ സംഗമവും

ഒക്ടോബർ 31 ന് രാവിലെ 10 മണിക്ക് തൂവാനിസയിൽ വച്ച് നടത്തപ്പെടുന്നതാണ്. ജപമാല സൈന്യത്തിലെ കുട്ടികളും ശാഖ ഭാരവാഹികളും നിർബന്ധമായും സംബന്ധിക്കേണ്ടതാണ്. (മാർഗ്ഗ രേഖ- പേജ് നം. 36)

## മിഷൻ കലണ്ടർ

ഈ വർഷത്തെ മിഷൻ കലണ്ടർ ഒക്ടോബർ 5 ന് മുമ്പായി ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കുന്നതാണ്. കലണ്ടർ വില 5 രൂപാ ആയിരിക്കും. ഈ തുക നവംബർ 10 ന് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗിന് ചൈതന്യയിൽ വരുമ്പോൾ എത്തിക്കേണ്ടതാണ്. എല്ലാ വൈസ് ഡയറക്ടർമാരും നിർബന്ധമായും നവംബർ 10-ാം തീയതി രാവിലെ 10 മണിക്ക് ചൈതന്യയിൽ എത്തിച്ചേരേണ്ടതാണ്.

## മിഷൻ സഹായം

ഓരോ ശാഖയിലെയും മിഷൻ ഗ്രാമങ്ങളുടെ പേരും അഡ്രസ്സും മാർഗ്ഗരേഖയിൽ പേജ് 41 ൽ നൽകിയിട്ടുണ്ട്. പ്രാർത്ഥന കത്ത്, ഫോൺ മുതലായവയിലൂടെ ആശയ വിനിമയം നടത്തേണ്ടതാണ്. സാമ്പത്തിക സഹായം ശാഖകൾ അതിരൂപതാ കേന്ദ്രത്തിലേക്ക് നൽകേണ്ടതും അവിടെ നിന്ന് ഒരുമിച്ച് മിഷൻ രൂപതക്ക് നൽകുന്നതുമാണ്.

**ഫാ. ജോബി പുച്ചൂകണ്ടത്തിൽ**
ഡയറക്ടർ

# സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി

## വിൻസന്റ് ഡി പോൾ സൊസൈറ്റി വാർഷികമാഘോഷിച്ചു

നീണ്ടൂർ: വിൻസന്റ് ഡി പോൾ സൊസൈറ്റി കോട്ടയം അതിരൂപത സെൻട്രൽ കൗൺസിലിന്റെ വാർഷിക സമ്മേളനം നീണ്ടൂർ രാജമക്കൾ ഹാളിൽ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് ഉദ്ഘാടനം ചെയ്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് കെ.ജെ ജോസ് കോതാലടിയിൽ അദ്ധ്യക്ഷത വഹിച്ചു. വിൻസന്റ് ഡി പോൾ സൊസൈറ്റി ദേശീയ പ്രസിഡന്റ് ഡോ. ജോൺസൺ വർഗ്ഗീസ് മുഖ്യപ്രഭാഷണം നടത്തി. കോട്ടയം സെൻട്രൽ കൗൺസിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ.

അലക്സ് ആക്കപ്പറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. നീണ്ടൂർ സെന്റ് മൈക്കിൾസ് ചർച്ച് വികാരി ഫാ. സജി മെത്താനത്ത്, വിൻസന്റ് ഡി പോൾ സൊസൈറ്റി ദേശീയ സെക്രട്ടറി കെ.ജെ ഫ്രാൻസീസ്, സെൻട്രൽ കൗൺസിൽ ഭാരവാഹികളായ പാട്രിക് ഓട്ടപ്പള്ളി, എൻ.സി തോമസ് നെടുംഞ്ചിറ, വി.റ്റി സ്റ്റീഫൻ വള്ളിത്തോട്ടം, ഏരിയ കൗൺസിൽ പ്രസിഡന്റ് വി.ജെ ജോർജ്ജ്, സെൻട്രൽ കൗൺസിൽ വനിതാ മെമ്പർ ത്രേസ്യാമ്മ തോമസ് ചേത്തലിൽ എന്നിവർ പ്രസംഗിച്ചു. ബെസ്റ്റ് കോൺഫ്രൻസ് അവാർഡ് ചെറുകര സെന്റ് മേരീസിന് സമ്മാനിച്ചു. കൂടാതെ ഇടുക്കി പടമുഖം സ്നേഹ മന്ദിരം ഡയറക്ടർ വി.സി രാജുവിനെ ആദരിക്കലും കാലാവധി പൂർത്തിയാക്കിയ ഏരിയ കൗൺസിൽ പ്രസിഡന്റുമാർക്കുള്ള യാത്രയയപ്പും നടത്തപ്പെട്ടു. വാർഷിക സമ്മേളനത്തോടനുബന്ധിച്ച് കോട്ടയം സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന സ്കോളർഷിപ്പ് പദ്ധതിയുടെ വിതരണവും കലാപരിപാടികളും സമ്മാനദാനവും നടത്തപ്പെട്ടു.

## വിൻസന്റ് ഡി പോൾ സൊസൈറ്റി ദേശീയ സമ്മേളനം

കോട്ടയം സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ 61-ാമത് ദേശീശ വാർഷിക മീറ്റിംഗ് സെപ്റ്റംബർ 25 മുതൽ 27 വരെ തെള്ളകം ചൈതന്യാ പാസ്റ്ററൽ സെന്ററിൽ നടന്നു. 25-ാം തീയതി ദിവ്യബലിയെ തുടർന്ന് നാഷനൽ പ്രസിഡന്റ് ബ്ര. ഡോ. ജോൺസൺ വർഗീസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ സൊസൈറ്റിയുടെ ദേശീയ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഡോ. സ്റ്റനിസ്ളാവൂസ് കുന്നേൽ ദേശീയ വാർഷിക ജനറൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ സൊസൈറ്റിയുടെ ഇന്റർനാഷണൽ ടെറിട്ടോറിയൽ വൈസ് പ്രസിഡന്റ് ബ്ര. ജോസഫ് പാണ്ടിയൻ, കോട്ടയം അതിരൂപതാ വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, ദേശീയ സീനിയർ വൈസ് പ്രസിഡന്റ്, ബ്ര. ഡൊമനിക് പിന്റോ എന്നിവരും പ്രസംഗിച്ചു. കോട്ടയം സെൻട്രൽ കൗൺസിലിന്റെ ആതിഥ്യത്തിൽ മൂന്ന് ദിവസങ്ങളിലായി വിവിധ സെഷനുകളിൽ നടന്ന സമ്മേനത്തിൽ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തു.

## കലാമത്സരങ്ങൾ നടത്തി

കോട്ടയം സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോട്ടയം സി.സി എല്ലാവർഷവും നടത്താറുള്ള കലാമത്സരങ്ങൾ ഈ വർഷം ഓഗസ്റ്റ് 29 -ാം തീയതി കോട്ടയം തെള്ളകം ചൈതന്യാ പാസ്റ്ററൽ സെന്റർ, കണ്ണൂർ ബഹുമറിയം പാസ്റ്ററൽ സെന്റർ എന്നിവിടങ്ങളിലായി കോട്ടയം, മലബാർ മേഖലകൾക്ക് പ്രത്യേകം പ്രത്യേകമായി സംഘടിപ്പിച്ചു. അംഗങ്ങൾ, അംഗങ്ങളല്ലാത്ത ജൂനിയേഴ്സ്, യൂത്ത് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങൾക്കായിരുന്നു മത്സരങ്ങൾ. അംഗങ്ങൾ, ജൂനിയേഴ്സ് എന്നിവർക്ക് മൂന്ന് ഇനങ്ങളിൽ വീതവും യൂത്തിന് നാലു ഇനങ്ങളിലുമായി നടത്തിയ മത്സരത്തിന് രണ്ടു സെന്ററുകളിലും കൂടി 200 ലധികം മത്സരാർത്ഥികൾ പങ്കെടുത്തു. ഓരോ സെന്ററിലെയും മത്സരത്തിൽ ഓരോ ഇനങ്ങളിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്നവരിൽ അംഗങ്ങൾക്ക് ഉപഹാരങ്ങളും അംഗങ്ങളല്ലാത്തവർക്ക് 1000/-, 750/-, 500/- രൂപാക്രമത്തിൽ പ്രൈസും നൽകുന്നതാണ്.

## പുതിയ പ്രസിഡന്റുമാർ

**ചുങ്കം എ.സി.**

മ്രാല സെന്റ് പീറ്റർ & പോൾസ് കോൺഫ്രൻസ്
ബ്ര. എം.എം. ബേബി, മലേപ്പറമ്പിൽ

ചുങ്കം സെന്റ് മാർട്ടിൻ കോൺഫ്രൻസ്
ബ്ര. ജോൺ ജോസഫ്, രാമച്ചനാട്ട്

മണക്കാട് സെന്റ് ജോസഫ്സ് കോൺഫ്രൻസ്
ബ്ര. കെ.എ ജോൺ, പുളിയ്ക്കാംതടത്തിൽ

**കെ. ജെ. ജോസ്** (പ്രസിഡന്റ്)

# കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി
# വികസന പാതയിൽ വരും ദിനങ്ങളിൽ

## ചൈതന്യ കാർഷിക മേള നവംബർ 18 മുതൽ 22 വരെ

അമ്പത്തിആറായിരത്തിൽപരം കെ.എസ്.എസ്.എസ് സ്വാശ്രയ സംഘാംഗങ്ങളുടെ മഹോത്സവമായ 18-ാമത് ചൈതന്യകാർഷികമേള

നവംബർ 18 മുതൽ 22 വരെ തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിക്കുന്നു. വ്യത്യസ്തവും പുതുമനിറഞ്ഞതുമായ വിഭവങ്ങളാണ് മഹോത്സവത്തോട് അനുബന്ധിച്ച് ഒരുക്കുന്നത്. സെമിനാറുകൾ, പ്രശ്നോത്തരികൾ, കാർഷികവിള പ്രദർശനങ്ങൾ, കാർഷിക മത്സരങ്ങൾ, ആസ്വാദ്യകരമായ കലാദൃശ്യവിരുന്നുകൾ, മെഡിക്കൽ ക്യാമ്പുകൾ, എക്സിബിഷനുകൾ, പ്രദർശന വിപണനസ്റ്റാളുകൾ, പൗരാണികഭോജനശാല, അമ്യൂസ്മെന്റ് പാർക്ക്, പക്ഷിമൃഗാദികളുടെ പ്രദർശനവും വിപണനവും, സമൂഹ്യക്ഷേമ കർമ്മപദ്ധതികളുടെ ഉദ്ഘാടനം, സ്വാശ്രയസംഘ കലാവിരുന്നുകൾ എന്നിവയും വിശിഷ്ടവ്യക്തികളുടെ സാന്നിദ്ധ്യവും മേളയെ ആകർഷണീയമാക്കും.

## ജീവകാരുണ്യ നിധി സമ്മാനക്കൂപ്പൺ

18-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് ആകർഷക സമ്മാനങ്ങളുമായി ചൈതന്യ ജീവകാരുണ്യ നിധി വിഭവസമാഹരണ കൂപ്പൺ തയ്യാറാക്കിയിരിക്കുന്നു. ഒന്നാം സമ്മാനമായി സിറിൾസ് ജൂവലറി, കോട്ടയം സ്പോൺസർ ചെയ്യുന്ന ഒരു പവൻ സ്വർണ്ണവും രണ്ടാം സമ്മാനമായി ഫ്രിഡ്ജും മൂന്നാം സമ്മാനമായി തയ്യൽ മെഷീനും നാലാം സമ്മാനമായി സോളാർ റാന്തൽ വിളക്കും കൂടാതെ 1000 ൽ പരം ഗ്രാമതല സമ്മാനങ്ങളുമാണ് ഒരുക്കിയിരിക്കുന്നത്. അപ്രതീക്ഷിത രോഗങ്ങളുടെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്ന നിർദ്ധന കുടുംബങ്ങൾക്ക് ഒരു കൈതാങ്ങായി മാറുകയെന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്ന ചൈതന്യ ജീവകാരുണ്യനിധി ചികിത്സാ സഹായ നിധിയിലേക്കാണ് സമ്മാനക്കൂപ്പണിലൂടെ ഫണ്ട് സമാഹരണം നടത്തുന്നത്. കാർഷിക മേളയുടെ സമാപനദിനമായ നവംബർ 22-ാം തീയതി ഞായറാഴ്ച രാത്രി 9 മണിക്കായിരിക്കും സമ്മാന കൂപ്പൺ നറുക്കെടുപ്പ്.

## കർഷക സംഗമം

18-ാമത് ചൈതന്യ കാർഷിക മേളയോടനുബന്ധിച്ച് മേളയുടെ സമാപന ദിവസമായ നവംബർ 22-ാം തീയതി ഞായറാഴ്ച കർഷക സംഗമദിനമായി സംഘടിപ്പിക്കുന്നു. കെ.എസ്.എസ്.എസിന്റെ കീഴിലുള്ള മുഴുവൻ പുരുഷ സ്വാശ്രയ സംഘാംഗങ്ങളേയും ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളെയും നാളികേര ഉത്പാദന സംഘാംഗങ്ങ

ളെയും മറ്റ് ഇതര കർഷക-പരിസ്ഥിതി പ്രവർത്തകരേയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് കർഷകസംഗമം സംഘടിപ്പിക്കുന്നത്. ഞായറാഴ്ച രാവിലെ 10.30 മുതൽ നടത്തപ്പെടുന്ന സംഗമത്തിൽ എല്ലാ പുരുഷ സ്വാശ്രയ സംഘാംഗങ്ങളും ലോക്കൽ കെ.എസ്.എസ്.എസ് അംഗങ്ങളും നീർത്തട വികസന കമ്മിറ്റിയിലെ അംഗങ്ങളും , നാളികേര ഉത്പാദക സംഘത്തിലെ അംഗങ്ങളും പങ്കെടുക്കുന്നതാണ്.

## മേഖലാവിള പ്രദർശന മത്സരം

ചൈതന്യ കാർഷികമേളയോടുനുബന്ധിച്ച് മേഖലാടിസ്ഥാനത്തിൽ രീതിയിൽ വിളപ്രദർശന മത്സരം സംഘടിപ്പിക്കുന്നു. കെ.എസ്.എസ്. എസിന്റെ 8 പ്രവർത്തന മേഖലകളിലുള്ള സംഘാംഗങ്ങൾ അവരുടെ കൃഷിയിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഏറ്റവും മികച്ച കാർഷിക ഉൽപന്നങ്ങളാണ് പ്രദർശനത്തിനായി ഒരുക്കേണ്ടത്. മേഖലാടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ വിളകൾ ആകർഷകമായ രീതിയിൽ ക്രമീകരിച്ച് പ്രദർശിപ്പിക്കുന്ന മേഖലകൾക്ക് പ്രത്യേക സമ്മാനങ്ങളും നൽകുന്നതാണ്. ജൈവവളം ഉപയോഗിച്ച് ഉല്പാദിപ്പിച്ച വിളകളുടെ പ്രദർശനവും വിപണനവും പ്രത്യേകം ക്രമീകരിക്കുന്നതാണ്.

## പൊതുവിള പ്രദർശന മത്സരം

18-ാമത് കാർഷിക മേളയോടനുബന്ധിച്ച് വ്യക്തിഗത വിളപ്രദർശന മത്സരം സംഘടിപ്പിക്കുന്നു. ചേന, കാച്ചിൽ, മരച്ചീനി, വിളവെത്തിയ തേങ്ങാക്കുല, ഏത്തക്കുല, പാളയംകോടൻ വാഴക്കുല, മത്തങ്ങ എന്നീ കാർഷിക ഇനങ്ങളിലാണ് മത്സരം സംഘടിപ്പിക്കുന്നത്. പൊതുവിള പ്രദർശനത്തിന് കൊണ്ടുവരുന്ന വിളകൾ അതത് കർഷകരുടെ ഉത്തരവാദിത്വത്തിൽ കൊണ്ടുവരേണ്ടതാണ്. ഓരോ കാർഷിക ഇനത്തിനും ഒന്നാം സമ്മാനമായി 1000 രൂപയും രണ്ടാം സമ്മാനമായി 750 രൂപയും നൽകുന്നതാണ്.

## ചൈതന്യ കാർഷിക മേള സ്റ്റാളുകൾ ക്രമീകരിക്കുന്നതിന് അവസരം

ചൈതന്യ കാർഷിക മേളയോടനുബന്ധിച്ച് നവംബർ 26 മുതൽ 30 വരെ തീയതികളിൽ വിവിധങ്ങളായ സ്റ്റാളുകൾ ക്രമീകരിക്കുന്നതിന് സ്വാശ്രയ സംഘാംഗങ്ങൾക്കും ഇതര തൽപര വ്യക്തികൾക്കും അവസരം ഒരുക്കുന്നു. സ്റ്റാളുകൾ ലേലത്തിലൂടെയായിരിക്കും ലഭ്യമാക്കുക. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ 13 തീയതി 10 മണിക്ക് ചൈതന്യ പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരേണ്ടതാണ്. സ്റ്റാളു

കൾ ബുക്ക് ചെയ്യുമ്പോൾ തന്നെ മുഴുവൻ തുകയും അടയ്ക്കേണ്ടതാണ്. വിശദാംശങ്ങൾക്ക് 9947507515 എന്ന നമ്പറിൽ ബന്ധപ്പെടുക.

### വികലാംഗദിനാഘോഷം – സർഗ്ഗസംഗമം 2015

18–ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് വികലാംഗ ക്ഷേമ പ്രവർത്തനങ്ങളിൽ വ്യാപൃതരായിട്ടുള്ള സ്ഥാപനങ്ങളെയും സന്നദ്ധസംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ പരിപാടികളോടെ സംസ്ഥാനതല വികലാംഗദിനാഘോഷം 'സർഗ്ഗസംഗമം' എന്ന പേരിൽ മേളയുടെ ഒന്നാം ദിനമായ നവംബർ 18–ാം തീയതി ബുധനാഴ്ച ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ദിനാചരണത്തോടനുബന്ധിച്ച് ഭിന്നശേഷിയുള്ളവർക്കായി വിവിധ മത്സരങ്ങളും കലാപരിപാടികളും സംഘടിപ്പിക്കും.

### ന്യൂറോളിക്കൽ മെഡിക്കൽ ക്യാമ്പ്

കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സമൂഹാധിഷ്ഠിത പുനരധിവാസ പദ്ധതിയുടെ ഭാഗമായി തുടർച്ചയായി നടത്തി വരുന്ന ന്യൂറോളിക്കൽ മെഡിക്കൽ ക്യാമ്പ് ഒക്ടോബർ 18–ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതൽ ചൈതന്യയിൽ സംഘടിപ്പിക്കുന്നു. ക്യാമ്പിന് ഡോ. ഗ്രേസിക്കുട്ടി നേതൃത്വം നൽകും.

## പരിശീലനങ്ങൾ

### ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം

കെ.എസ്. എസ്.എസിന്റെ നേതൃത്വത്തിൽ ബദൽ ജീവിതശൈലി ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഒക്ടോബർ 17–ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്.

### ബ്യൂട്ടീഷ്യൻ പരിശീലനം

ഒരു മാസം നീണ്ടു നിൽക്കുന്ന ബ്യൂട്ടീഷ്യൻ പരിശീലനം ഒക്ടോബർ 12 തിങ്കളാഴ്ച മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. ത്രെഡിംഗ്, വാക്സിംഗ്, ബ്ലീച്ചിംഗ്, ഫേഷ്യൽ, ഹെയർ കട്ടിംഗ്, ഹെന്ന, പെഡിക്യൂർ, മെനിക്യൂർ, ഹോട്ട് ഓയിൽ മസാജ്, സ്പിഞ്ചിംഗ്, ബ്രൈഡൽ മേക്കപ്പ്, കാത് കുത്ത്, കാത് ഒട്ടിക്കൽ, ഫ്ളവർ അറേഞ്ച്മെന്റ്, കാർ ഡെക്കറേഷൻ എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

## തയ്യൽ പരിശീലനം

ഒക്ടോബർ 12 തിങ്കളാഴ്ച മുതൽ ചൈതന്യയിൽ തയ്യൽ പരിശീലനം സംഘടിപ്പിക്കുന്നു. അടിസ്ഥാന തയ്യൽ പരിശീലനവും, ചുരിദാർ, നൈറ്റി, സാരി ബ്ലൗസ് തുടങ്ങിയ ഇനങ്ങളിലുമാണ് പരിശീലനം സംഘടിപ്പിക്കും.

## കൂൺ കൃഷി പരിശീലനം

കെ.എസ്.എസ്.എസ് കൂൺകൃഷി പരിശീലനം ഒക്ടോബർ 17 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യ കമ്മ്യൂണിറ്റി കോളേജിൽ സംഘടിപ്പിക്കുന്നു. പരിശീലനം പൂർത്തിയാക്കി കൂൺകൃഷി യൂണിറ്റ് തുടങ്ങുവാനാഗ്രഹിക്കുന്നവർക്ക് യൂണിറ്റ് തുടങ്ങുന്നതിന് ആവശ്യമായ സാമഗ്രികൾ ചൈതന്യ കാർഷിക നേഴ്സറിയിൽ നിന്ന് ലഭ്യമാക്കുന്നതോടൊപ്പം കൂൺ വിപണനത്തിനുള്ള സാധ്യതകളും ക്രമീകരിക്കും.

## ആഭരണ നിർമ്മാണ പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി ആഭരണ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഒക്ടോബർ 17 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. ആഭരണ നിർമ്മാണത്തിന്റെ പ്രാഥമിക പരിശീലനം, കമ്പികെട്ട് എന്നിവയിലാണ് പരിശീലനം ക്രമീകരിച്ചിരിക്കുന്നത്.

## മെഴുകുതിരി നിർമ്മാണ പരിശീലനം

ചൈതന്യയിൽ മെഴുകുതിരി നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. ഒക്ടോബർ 17 ശനിയാഴ്ച രാവിലെ 10.30 മുതൽ ചൈതന്യയിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റിൽ നിന്നാണ് പരിശീലനം ലഭ്യമാക്കുക.

## മുയൽ വളർത്തൽ പരിശീലനം

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മുയൽ വളർത്തൽ പരിശീലനം സംഘടിപ്പിക്കുന്നു. ഒക്ടോബർ 17 ശനിയാഴ്ച രാവിലെ 10.30 മുതൽ വൈകുന്നേരം 3.30 വരെ തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിലാണ് പരിശീലനം നടത്തപ്പെടുക. പരിശീലനത്തിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ 9961033317 എന്ന നമ്പറിൽ ബന്ധപ്പെടുക.

# കെ.എസ്.എസ്.എസ് പോയ വാരങ്ങളിൽ

## നിർദ്ധന കുടുംബത്തിന് ഭവനം നിർമ്മിച്ച് നൽകി

## പുരുഷ സ്വാശ്രയസംഘാംഗങ്ങൾ മാതൃകയായി

നിർദ്ധന കുടുംബത്തിന് ഭവനം നിർമ്മിച്ച് നൽകി മാതൃകയായിരിക്കുകയാണ് അറുന്നൂറ്റിമംഗലം ഗ്രാമത്തിൽ പ്രവർത്തിക്കുന്ന സൗഭാഗ്യ പുരുഷ സ്വാശ്രയസംഘ കൂട്ടായ്മയിലെ അംഗങ്ങൾ. അറുന്നൂറ്റിമംഗലം പുല്ലുവട്ടത്തിൽ വീട്ടിൽ കുഞ്ഞമ്മയ്ക്കാണ് സംഘത്തിന്റെ നേതൃത്വത്തിൽ വീട് നിർമ്മിച്ച് നൽകിയത്. പുരുഷ സ്വാശ്രയ സംഘത്തിലെ അംഗങ്ങൾ തന്നെ വിഭവസമാഹരണം നടത്തിയാണ് 650 സ്ക്വയർ ഫീറ്റുള്ള വീട് കുഞ്ഞമ്മയ്ക്ക് നിർമ്മിച്ച് നൽകിയത്. അറുനൂറ്റിമംഗലം സെന്റ് ജോസഫ് ചർച്ച് പാരീഷ് ഹാളിൽ സംഘടിപ്പിച്ച കുടുംബ സംഗമത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ വീടിന്റെ താക്കോൽ ദാനം നിർവ്വഹിച്ചു. അറുനൂറ്റിമംഗലം ഗ്രാമവികസന സമിതി പ്രസിഡന്റ് റവ. ഫാ. ജോസഫ് കീഴങ്ങാട്ട് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സൗഹൃദവേദി പ്രസിഡന്റ് ബിജു ഓരത്ത്, ബിജോയി പുത്തൻകുടിലിൽ, ഫാ. ഔസേപ്പ്, ജോൺ ശാസ്താങ്കൽ, മേഴ്സി സ്റ്റീഫൻ, കുഞ്ഞുമോൾ തോമസ്, ബീനാ ജോയ്, മിനി രാജു, ബെറ്റി സുനിൽ, ജോയി പി.എം എന്നിവർ പ്രസംഗിച്ചു.

## അദ്ധ്യാപക ദിനാചരണം സംഘടിപ്പിച്ചു

അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭിന്നശേഷിയുള്ള കുട്ടികൾക്കായി സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകരുടെ കൂട്ടായ്മയ്ക്ക് വഴിയൊരുക്കി അദ്ധ്യാപക ദിനാചരണം 'ഗുരുവന്ദനം' എന്ന പേരിൽ സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ദിനാചരണത്തിന്റെ ഉദ്ഘാടനം മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി പ്രൊ വൈസ് ചാൻസിലർ ഡോ. ഷീന ഷുക്കൂർ നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സ്റ്റാഫ് അലുമിനി അസോസിയേഷൻ പ്രതിനിധി ലിൻസ് മാത്യു പുത്തൻ കണ്ടത്തിൽ, ഡീക്കൻ ചാക്കോ, പ്രോഗ്രാം

കോർഡിനേറ്റർമാരായ ബബിത റ്റി. ജെസിൽ, സിസ്റ്റർ ലൂഡ്സി എസ്.വി. എം, ഷൈല തോമസ്, നീതുരാമകൃഷ്ണൻ, മേരി ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. ദിനാചരണത്തോടനുബന്ധിച്ച് ഭിന്നശേഷിയുള്ള കുട്ടികളുടെ ഉന്നമനത്തിൽ അദ്ധ്യാപകരുടെ പങ്ക്, കുട്ടികളുടെ അവകാശ സംരക്ഷണം അദ്ധ്യാപകരുടെ പങ്കാളിത്തത്തോടെ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകൾ നടത്തപ്പെട്ടു. കൂടാതെ അദ്ധ്യാപകരെ ആദരിയ്ക്കലും വിവിധ കലാപരിപാടികളും മത്സരങ്ങളും നടത്തപ്പെട്ടു. ഭിന്നശേഷിയുള്ള കുട്ടികൾക്കായി സേവനമനുഷ്ഠിക്കുന്ന നൂറോളം അദ്ധ്യാപകർ ദിനാചരണത്തിൽ പങ്കെടുത്തു.

## കുട്ടികളുടെ അവകാശ സംരക്ഷണത്തെ ആസ്പദമാക്കി സിമ്പോസിയം സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി കേരള സോഷ്യൽ സർവ്വീസ് ഫോറവുമായി സഹകരിച്ച് കുട്ടികളുടെ അവകാശ സംരക്ഷണം എന്ന വിഷയത്തെ ആസ്പദമാക്കി സിമ്പോസിയം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച സിമ്പോസിയത്തിന്റെ ഉദ്ഘാടനം കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മലാ ജിമ്മി നിർവ്വഹിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു. അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ജെ. ജോർജ്ജ്, കോട്ടയം ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ വി. ജെ. ബിനോയി, ഏറ്റുമാനൂർ അസി. സർക്കിൾ ഇൻസ്പെക്ടർ ഷാജി സെബാസ്റ്റ്യൻ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, അസി. സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, പ്രോഗ്രാം ഓഫീസർ സി. പ്രീതി എസ്.ജെ.സി എന്നിവർ പ്രസംഗിച്ചു. സിമ്പോസിയത്തോടനുബന്ധിച്ച് ഇന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ കുട്ടികളുടെ അവകാശ സംരക്ഷണത്തിൽ നേരിടുന്ന വെല്ലുവിളികളും പരിഹാര മാർഗ്ഗവും എന്ന വിഷയം ചർച്ച നടത്തപ്പെട്ടു. അഡ്വ. രാജി പി. ജോയി ചർച്ചകൾക്ക് നേതൃത്വം നൽകി. ശിശുക്ഷേമ പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, ശിശുക്ഷേമ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, ത്രിതല പഞ്ചായത്ത് പ്രതി

നിധികൾ തുടങ്ങിയവർ ഉൾപ്പെടെ നൂറോളം പേർ പങ്കെടുത്തു.

## കരൾ രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു.

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ക്നാനായ കത്തോലിക്കാ കോൺഗ്രസ് പൂഴിക്കോൽ യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ ന്യൂപാൽ റെമഡിസിന്റെ സഹകരണത്തോടെ കരൾ രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. പൂഴിക്കോൽ സെന്റ് മാർത്താസ് സ്പെഷ്യൽ സ്കൂളിൽ സംഘടിപ്പിച്ച ക്യാമ്പിന്റെ ഉദ്ഘാടനം മോൻസ് ജോസഫ് എം.എൽ.എ നിർവ്വഹിച്ചു. ചടങ്ങിൽ കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ അദ്ധ്യക്ഷത വഹിച്ചു. പൂഴിക്കോൽ ഗ്രാമ വികസന സമിതി പ്രസിഡന്റ് ഫാ. ജോസ് തറുപ്പുതൊട്ടിയിൽ, കാനാട്ട് ജോയിസ് തോമസ്, സനിഷ്, ഫിലിപ്പ് മണലേൽ എന്നിവർ പ്രസംഗിച്ചു. കാമലാരി ഗ്രൂപ്പ് ഡയറക്ടർ ഡോ. സജിത് റോയ്, ഡോ. രസ്ന എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി. ക്യാമ്പിനോടനുബന്ധിച്ച് ബോധവൽക്കരണ സെമിനാറും ക്രമീകരിച്ചിരുന്നു. ഇരുനൂറോളം പേർ പങ്കെടുത്തു.

## പെരുവന്താനം ഗ്രാമപഞ്ചായത്തിൽ മഴവെള്ള സംഭരണി നിർമ്മാണം ആരംഭിച്ചു

ശുദ്ധജലക്ഷാമത്തിന് പരിഹാരമായി പെരുവന്താനം ഗ്രാമപഞ്ചാത്തിൽ മഴവെള്ള സംഭരണി നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കമായി. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടേ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള മഴകേന്ദ്രവുമായി സഹകരിച്ച് നിർമ്മിക്കുന്ന 200 മഴവെള്ള സംഭരണികൾ നിർമ്മാണ ഉദ്ഘാടനം സംസ്ഥാന ജലവിഭവ വകുപ്പ് മന്ത്രി പി.ജെ.ജോസഫ് നിർവ്വഹിച്ചു. ഇ.എസ് ബിജിമോൾ എം.എൽ.എ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഇടുക്കി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.ടി. തോമസ്, ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർ ടിങ്കു ബിസ്വാൾ ഐ.എ.എസ്, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ, ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് ഇ.എം. ആഗസ്തി, സ്പൈസസ് ബോർഡ് മെമ്പർ റോയി കെ. പൗലോസ് തുടങ്ങിയവർ പ്രസംഗിച്ചു. കെ.എസ്.എസ്.എസ് മഴകേന്ദ്ര

ത്തിന്റെ സഹായത്തോടെ ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം, കൊക്കയാർ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയ ആയിരത്തിലധികം മഴവെള്ളസംഭരണി നിർമ്മാണ പ്രവർത്തനങ്ങളുടെ വിജയകരമായ പൂർത്തീകരണത്തിന്റെ തുടർച്ചയായാണ് പുതിയ സംരംഭത്തിന് സംസ്ഥാന സർക്കാർ കെ.എസ്.എസ്.എസിനെ തെരെഞ്ഞെടുത്തത്.

## ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

കെ.എസ്.എസ്.എസ് കാരിത്താസ് ആയുർവേദ ആശുപത്രിയുമായി സഹകരിച്ച് ആയുർവേദ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. സെപ്റ്റംബർ 12 ന് കിടങ്ങൂർ മേഖലയുടെ നേതൃത്വത്തിൽ സമരിറ്റൻ സെന്ററിൽ സംഘടിപ്പിച്ച ക്യാമ്പിൽ 113 പേരും സെപ്റ്റംബർ 19 ന് കൈപ്പുഴ മേഖലയുടെ നേതൃത്വത്തിൽ കൈപ്പുഴ സെന്റ് ജോർജ് ചർച്ച് ഹാളിൽ സംഘടിപ്പിച്ച ക്യാമ്പിൽ 103 പേരും പങ്കെടുത്തു. ഹെൽപ്പേജ് ഇൻഡ്യയുടെ സഹകരണത്തോടെ സംഘടിപ്പിച്ച ക്യാമ്പിനോടനുബന്ധിച്ച് സെമിനാറും വൈദ്യപരിശോധനയും മരുന്ന് വിതരണവും ക്രമീകരിച്ചിരുന്നു.

## യൂത്ത് ക്ലബ് - പ്രാഥമിക ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു

സാമൂഹ്യ പ്രതിബദ്ധതയുള്ള യുവതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ രൂപീകരിക്കുന്ന യൂത്ത് ക്ലബിന്റെ പ്രവർത്തന മാർഗ്ഗരേഖ ചർച്ച ചെയ്യുന്നതിനും ഭരണ സമിതി അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുമായി സെപ്റ്റംബർ 20-ാം തീയതി ഞായറാഴ്ച കൈപ്പുഴ മേഖലയുടെ നേതൃത്വത്തിൽ കൈപ്പുഴ സെന്റ് ജോർജ്ജ് ചർച്ച് ഹാളിൽ ക്ലാസ്സ് സംഘടിപ്പിച്ചു. യോഗത്തിന് കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ നേതൃത്വം നൽകി.

**ഫാ. ബിൻസ് ചേത്തലിൽ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## ഫാർമേഴ്സ് ക്ലബ് രൂപീകരണം

മാനന്തവാടി: മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സഹകരണത്തോടെ വയനാട്ടിലെ കോട്ടത്തറ, പെരിക്കല്ലൂർ, കാപ്പിസെറ്റ്, പയസ്നഗർ, പുളിഞ്ഞാൽ, തേറ്റമല, പുതുശ്ശേരി, ക്രൈസ്റ്റ് നഗർ എന്നീ ഇടവകകളിൽ ഫാർമേഴ്സ് ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സ്ഥിരമായ കാര്യപരിപാടികളോടുകൂടിയുള്ള ഗ്രൂപ്പ് മീറ്റിംഗ്, ബോധവർക്കരണ ക്ലാസ്സുകൾ, ജൈവകൃഷി പ്രോത്സാഹനം, കാർഷിക വിഭവങ്ങളുടെ സംഭരണം, വിൽപ്പന, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം, അടുക്കള തോട്ട നിർമ്മാണം, ആരോഗ്യ പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ ലക്ഷ്യങ്ങളോടെയാണ് മാസ്സ് കർഷകസംഘങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ബഹു. ഇടവക വൈദീകർ, മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപുള്ളിൽ, ആനിമേറ്റേഴ്സ് എന്നിവർ ഫാർമേഴ്സ് ക്ലബ്ബ് രൂപീകരണത്തിന് നേതൃത്വം നൽകി.

## ക്വിസ്സ് മത്സരം നടത്തി

മാനന്തവാടി - മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി വയനാട്ടിലെ ഹൈസ്കൂൾ കുട്ടികൾക്കുവേണ്ടി ക്വിസ്സ് മത്സരം സംഘടിപ്പിച്ചു. മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ നടന്ന ക്വിസ്സ് മത്സരം പെരിക്കല്ലൂർ ഫൊറോന വികാരി ഫാ. സുനിൽ പാറയ്ക്കൽ ഉദ്ഘാടനം ചെയ്തു. വയനാട്ടിലെ വിവിധ പ്രദേശങ്ങളിൽ നിന്നായി 100 ഓളം കുട്ടികൾ മത്സരത്തിൽ പങ്കെടുത്തു. മത്സരത്തിൽ വിജയികളായ ജോയേൽ കുര്യൻ അലക്കൽ, സ്റ്റെഫീന സ്റ്റീഫൻ മണിയംകണ്ടത്തിൽ, അലീന സജി കുടിലിപ്പറമ്പിൽ എന്നിവർക്ക് 2000/, 1000/ 500/- രൂപ എന്ന ക്രമത്തിൽ കാഷ് അവാർഡുകളും കൂടാതെ 6 കുട്ടികൾക്ക് 250/- രൂപ വീതം പ്രോത്സാഹന സമ്മാനവും നല്കി. അബ്രാഹം ഉള്ളാടപുള്ളിൽ, സി. മാരി എസ്. ജെ.സി., സി. ജെയ്സ് മരിയ എസ്.ജെ.സി എന്നിവർ പരിപാടിക്ക് നേതൃത്വ നല്കി.

## റ്റാലന്റ് മീറ്റ് സംഘടിപ്പിച്ചു

രാജപുരം: മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കാസർഗോഡ് ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട ഹൈസ്കൂൾ കുട്ടികൾക്കു വേണ്ടി റ്റാലന്റ് പ്രോഗ്രാം സംഘടിപ്പിച്ചു. രാജപുരം ഹോളിഫാമിലി ഹൈസ്കൂളിൽ വച്ചു നടന്ന സെമിനാർ രാജപുരം സബ് ഇൻസ്പെക്ടർ രാജീവ് വലിയവളപ്പിൽ ഉദ്ഘാടനം ചെയ്തു. രാജപുരം ഫൊറോന വികാരി ഫാ. ഷാജി വടക്കേതൊട്ടിൽ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. കാസർഗോഡ് ഫ്രണ്ട്ലൈൻ ട്രയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെയർമാൻ ജോസ് തയ്യിൽ, ബളാൽ ഗവൺമെന്റ് സ്കൂൾ കൗൺസിലർ നിസി മാത്യു, മാസ്സ് പ്രോജക്ട് കോഡിനേറ്റർ ദിപിൻ എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ എടുത്തു. കാസർഗോഡ് ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്നായി 150 കുട്ടികൾ പങ്കെടുത്തു. മാസ്സ് സ്റ്റാഫ് അംഗങ്ങളായ സി. സ്നേഹ എസ്.ജെ.സി, മനു, ആൻസി ജോസ്, ഷൈനി ജോണി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ജീവിതശൈലി രോഗങ്ങൾ

രാജപുരം: മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി കള്ളാർ സെന്റ് തോമസ് പള്ളി പാരീഷ് ഹാളിൽ വെച്ച് ജീവിതശൈലി രോഗങ്ങളെക്കുറിച്ചുള്ള സെമിനാർ സംഘടിപ്പിച്ചു. കള്ളാർ പള്ളി വികാരി ഫാ. ബാബു പാറത്തോട്ടുങ്കര സെമിനാർ ഉദ്ഘാടനം ചെയ്തു. മാസ്സ് പ്രൊജക്ട് കോഡിനേറ്റർ സി. സ്നേഹ എസ്.ജെ.സി ചടങ്ങിൽ അദ്ധ്യക്ഷയായിരുന്നു. ഹെൽത്ത് ഇൻസ്പെക്ടർ വിമല, ബളാൽ ഗവൺമെന്റ് സ്കൂൾ കൗൺസിലർ നിസി മാത്യു MSWഎന്നവർ ക്ലാസ്സ് നയിച്ചു. മാസ്സ് മേഖല കോഡിനേറ്റർ ആൻസി ജോസഫ്, ആനിമേറ്റർ ഗ്രേസി ഫിലിപ്പ് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## ക്നാനായ സ്റ്റാർസ് സെലക്ഷൻ ക്യാമ്പ്

മാസ്സ് മലബാർ മേഖലയിൽ നടപ്പിലാക്കുന്ന ക്നാനായ സ്റ്റാർസ് ഡെവലപ്പ്മെന്റ് പദ്ധതിയുടെ ഭാഗമായുള്ള സെലക്ഷൻ ക്യാമ്പ് വിവിധ ഫൊറോനകളിൽ നടത്തുന്നു. ഈ വർഷം 8-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളിൽ നിന്നാണ് പദ്ധതിയിലേയ്ക്ക് പ്രതിഭകളെ തിരഞ്ഞെടുക്കുന്നത്. ക്യാമ്പ് നടക്കുന്ന തീയതിയും സ്ഥലവും താഴെ ചേർക്കുന്നു.

| ഫൊറോന | സ്ഥലം | തീയതി | സമയം |
|---|---|---|---|
| മടമ്പം<br>pm | സെന്റ് ആൻസ് പാരീഷ് | ഒക്ടോബർ | 10am-4 |
| രാജപുരം | ഹാൾ പയ്യാവൂർ<br>സെന്റ് മേരീസ് പാരീഷ് | 21<br>ഒക്ടോബർ | 10am-4 pm |
| പെലിക്കല്ലൂർ | ഹാൾ ചുള്ളിക്കര<br>പാവന പാസ്റ്ററൽ സെന്റർ | 22<br>നവംബർ | 10am-4 pm |
| | മാനന്തവാടി | 11 | |

## ആരോഗ്യ സംരക്ഷണ സെമിനാർ സംഘടിപ്പിച്ചു

രാജപുരം: മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ സഹകരണത്തോടുകൂടി ഒടയംചാൽ സെന്റ് ജോർജ് പാരീഷ് ഹാളിൽ വെച്ച് ആരോഗ്യ സംരക്ഷണ സെമിനാർ സംഘടിപ്പിച്ചു. ഒടയംചാൽ പള്ളി വികാരി ഫാ. ജോസ് മാമ്പുഴയ്ക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ബളാൽ ഗവൺമെന്റ് സ്കൂൾ കൗൺസിലർ നിസി മാത്യു ചടങ്ങളിൽ അദ്ധ്യക്ഷയായിരുന്നു. ഹെൽത്ത് ഇൻസ്പെക്ടർ വിമല, സാമൂഹ്യ പ്രവർത്തകയായ സി. സ്നേഹ എസ്.ജെ.സി എന്നിവർ ക്ലാസ്സുകൾ എടുത്തു. മാസ്സ് മേഖല കോഡിനേറ്റർ ആൻസി ജോസഫ് ഫെഡറേഷൻ പ്രസിഡന്റ് മേരി കുരുവിള എന്നിവർ നേതൃത്വം നൽകി.

## ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതി

മാസ്സ് ജില്ലാ ഭരണകൂടം കാത്തോലിക്ക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവയുടെ സഹായത്തോടെ കണ്ണൂർ, കാസർഗോഡ് മേഖലകളിൽ വിപുലമായ ക്ഷയരോഗ നിർമ്മാർജ്ജന പരിപാടികൾ സംഘടിപ്പിക്കുന്നു. പദ്ധതിയുടെ ഭാഗമായി വിവിധ ഗ്രൂപ്പുകളിൽ ക്ഷയരോഗ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ, തയ്യൽ തൊഴിലാളികൾ, ഹെൽത്ത് വർക്കേഴ്സ്, തൊഴിലുറപ്പു തൊഴിലാളികൾ, കർഷക സംഘാംഗങ്ങൾ തുടങ്ങിയ ഫോക്കസ് ഗ്രൂപ്പുകൾക്കാണ് ക്ലാസ്സുകൾ നൽകിയത്. കൂടാതെ വീടുകൾ കയറി അടിസ്ഥാന വിവരശേഖരണവും കൗൺസിലിംഗ് എന്നിവ നടത്തുന്നു. രോഗ ലക്ഷണമുള്ളവർക്ക് സൗജന്യ പരിശോധനയും തുടർന്ന് ചികിത്സയും നൽകുന്നു.

## മഴവെള്ള സംഭരണി നിർമ്മാണപദ്ധതി പൂർത്തിയായി

കേരള ഗവൺമെന്റ് മഴ കേന്ദ്രത്തിന്റെ സഹായത്തോടുകൂടി മാസ്സ് വെസ്റ്റ് ഏളേരി ഗ്രാമ പഞ്ചായത്തിൽ 200 മഴവെള്ള സംഭരണികൾ നിർമ്മിച്ചു. പ്രസ്തുത പരിപാടികൾക്ക് മാസ്സ് ടിം അംഗങ്ങൾ നേതൃത്വം നൽകി.

## കർഷക സംഗമവും കാർഷിക സെമിനാറും

മാനന്തവാടി: മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നബാർഡിന്റെ സഹകരണത്തോടെ വയനാട് ജില്ലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാർമേഴ്സ് ക്ലബ്ബ് അംഗങ്ങളുടെ സംഗമവും കാർഷിക സെമിനാറും മാനന്തവാടി മാസ്സ് ട്രയിനിങ്ങ് സെന്ററിൽ വച്ച് നടന്നു. വെള്ളമുണ്ട ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ജോർജ് സംഗമം ഉദ്ഘാടനം ചെയ്തു. പെരിക്കല്ലൂർ ഫൊറോന വികാരി ഫാ. സുനിൽ പാറയ്ക്കൽ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. മാസ്സ്, അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യുസ് വലിയപുത്തൻപുരയ്ക്കൽ ആമുഖ പ്രഭാഷണം നടത്തി. വെള്ളമുണ്ട കൃഷി ഓഫീസർ കെ. മമ്മൂട്ടി ജൈവകൃഷിയുടെ സാധ്യതകൾ, കാർഷിക മേഖലയിൽ ഗവൺമെന്റ് അനുവദിക്കുന്ന വിവിധ പദ്ധതികൾ എന്നിവയെക്കുറിച്ച് ക്ലാസ്സുകൾ എടുത്തു. മാസ്സ് പ്രോഗ്രാം മാനേജർ അബ്രാഹം ഉള്ളാടപുള്ളിൽ ചർച്ചകൾക്കു നേതൃത്വം നൽകി. വയനാടു ജില്ലയിലെ വിവിധ ഭാഗങ്ങളിൽനിന്നായി 150 കർഷകർ സംഗമത്തിൽ പങ്കെടുത്തു.

## ഗ്യാസ് ക്രിമിറ്റോറിയം ഉദ്ഘാടം ചെയ്തു

കതിരൂർ: മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ജലനിധിയുടെ ശുചിത്വ പദ്ധതിയിൽ പെടുത്തി കതിരൂർ ഗ്രാമപഞ്ചായത്ത് നിർമ്മിച്ച ആധുനിക രീതിയിലുള്ള ആദ്യത്തെ ക്രിമിറ്റോറിയം കൊടിയേരി ബാലകൃഷ്ണൻ താക്കോൽ ദാനം നിർവ്വഹിച്ചുകൊണ്ട് ഉദ്ഘാടനം നടത്തി. പഞ്ചായത്ത് പ്രസിഡന്റ് പവിത്രൻ അദ്ധ്യക്ഷനായിരുന്നു. മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ ആമുഖ സന്ദേശം നൽകി. കണ്ണൂർ ജില്ലാ കളക്ടർ പി. ബാലകിരൺ മുഖ്യാതിഥി ആയിരുന്നു. ജലനിധി റീജണൽ പ്രോജക്ട് ഡയറക്ടർ കെ.വി. ചന്ദ്രൻ, എരഞ്ഞോളി പഞ്ചായത്ത് പ്രസിഡന്റ് രമ്യ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി. വിൽസൺ, പഞ്ചായത്ത് അംഗങ്ങളായ ടി.കെ. ഷാജി, ദിനേഷ് ബാബു, എ. വാസു, പി. ജനാർദ്ദനൻ, പൊന്ന്യം കൃഷ്ണൻ, ചെറിയാണ്ടി ബഷീർ, വി. രാമകൃഷ

ഷ്ണൻ, എം. മോഹനൻ, പഞ്ചായത്ത് സെക്രട്ടറി എൻ പവിത്രൻ എന്നി വർ പ്രസംഗിച്ചു. ആധുനിക രീതിയിൽ പണികഴിപ്പിച്ചിട്ടുള്ള ഉത്തര കേര ളത്തിലെ ആദ്യത്തെ ഗ്യാസ് ക്രമിറ്റോറിയം ആണ് കതിരൂരിലേത്.

**ഫാ. സുനിൽ പെരുമാനൂർ** (സെക്രട്ടറി, മാസ്സ്)

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**സെപ്റ്റംബർ**

24-25 ബാംഗ്ലൂരിൽ നടന്ന സിബിസിഐ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ പങ്കെടുത്തു.

27 ബോംബെയിൽ നടന്ന ക്നാനായ കാത്തലിക് സൊസൈറ്റിയുടെ രജത ജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

28 ക്നാനായ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡിന്റെ ആസ്ഥാന മന്ദിരം നാഗമ്പടത്ത് ഉദ്ഘാടനം ചെയ്തു.

# ENGAGEMENTS

## Mar Mathew Moolakkatt

**October**

1-14 To Austalia

17 Religious meet at Mariamala, Kaduthuruthy.

17, 18 Pastoral visit at Senapathy.

18 Holy Qurbana and conclusion of the Golden Jubilee Celebration of Our Lady of Rosary Church at Chakkupallam.

19 Final profession of LDSJG sisters at Kothanalloor.

20 Chaithanya Commission meeting at Chaithanya.

21 Blessing of the Chapel at Cherumpachal, Malakkallu.

22 Year of consecrated life celebration of Chunkom Forane at Karimkunnam.

23, 24 KCYL 'IKYAM 2015' at Uzhavoor.

24, 25 Pastoral visit at Njeezhor.

26 Superiors meet at Metropolitan's House, Kottayam

31 Holy Qurbana and blessing of the Wayside chapel at Malloossery.

- Holy Qurban and meeting with the parents of LDSJG sisters at Thuvanisa.

- Pastoral visit at Vithura.

**November**

01 Pastoral visit at Thiruvananthapuram.

03 Concluding session of the Diocesan inquiry for the Cause of Beatification and Canonization of Servant of God Mar Mathew Makil at Cathedral, Kottayam.

## അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**സെപ്റ്റംബർ 2015**

6 തിരൂർ പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

- പയ്യാവൂർ ടൗൺ പള്ളിയിൽ വച്ച് നടത്തിയ മടമ്പം ഫൊറോനാ പാരീഷ് കൗൺസിൽ മീറ്റിംഗിൽ സംബന്ധിച്ചു.

8 കടുത്തുരുത്തി വലിയപള്ളിയിലെ കല്ലിട്ട തിരുനാളിൽ സംബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ആരാധനയ്ക്ക് കാർമ്മികത്വം വഹിക്കുകയും ചെയ്തു.

10-13 പയ്യാവൂർ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ ഇടയസന്ദർശനം നടത്തി.

12 കണ്ണൂർ ബറുമറിയത്തിൽ കൂടിയ മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

16-30 കാനഡ, മിസിസാഗ എക്സാർക്കേറ്റിലെ പുതിയ മെത്രാനായ മോൺ. ജോസ് കല്ലുവേലിന്റെ മെത്രാഭിഷേക ചടങ്ങിൽ പങ്കെടുക്കുകയും കാനഡയിലെ വിവിധ സ്ഥലങ്ങളിലെ ക്നാനായ കൂട്ടായ്മകളിൽ സംബന്ധിക്കുകയും ചെയ്തു.

**ഒക്ടോബർ 2015**

2-4 കള്ളാർ പള്ളിയിൽ ഇടയ സന്ദർശനം നടത്തി.

# Engagements

## Mar Joseph Pandarasseril

**October 2015**

| | |
|---|---|
| 5 | District level award ceremony of mentally challenged children at Kannur. |
| 6 | 'IKYM' 2015, Youth Convention Central Committee Meeting of Uzhavoor. |
| 10-11 | Knanaya Sangamon - Bangalore. |
| 13 | MASSS Governing Body metting at Barmariam. |
| 17 | Golden Jubilee celebration of Sr. Asaria SVM at Barmariam, Kannur. |
| 18 | Episcopal ordination of Msgr. Kariyil at Mandya. |
| 23-24 | Knanaya Youth Convention at Uzhavoor. |
| 29 | Malabar Kudiyetta Platinum Jubilee central comittee meeting at Barmariam, Kannur. |

**November 2015**

| | |
|---|---|
| 1 | Holy Mass and inaguration of Parish Centenary Marika. |
| - | Edavakadinam at Cathedral. |
| 4-5 | Bi-monthly of Priests at Barimariam, Kannur. |

# വചനദർശനം

**ഒക്ടോബർ 11 ഏലിയാ സ്ലീവ മൂശ ഏഴാം ഞായർ**

**ഏശയ്യാ 40:12-17, 2 കോറി 2:12-17, മത്തായി 20:1-16**

വി. മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഈ ഉപമയിലൂടെ സ്വർഗ്ഗരാജ്യത്തിന്റെ രഹസ്യങ്ങളിലേക്ക് നമ്മെ കൈപിടിച്ചു നടത്തുകയാണ് സുവിശേഷകൻ. ഈശോ തന്റെ ഗലീലിയിലെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് ജറുസ

ലേമിലേക്കുള്ള യാത്രാ മദ്ധ്യേയാണ് സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷം ഈ ഉപമയിലൂടെ ശിഷ്യന്മാരെ പഠിപ്പിച്ചത്. വി. മത്തായിയുടെ സുവിശേഷം 19-ാം അദ്ധ്യായം അവസനിക്കുന്നത് ധനികനായ യുവാവ് ഈശോയുടെ അടുക്കൽ നിത്യജീവൻ സ്വന്തമാക്കേണ്ടത് എങ്ങനെയെന്ന ചോദ്യവുമായാണ്. എന്നാൽ നിരാശനായി മടങ്ങിപോയ യുവാവ്മൂലം സമ്പത്തിന്റെ മറ്റൊരു ചിന്ത ഈശോ പഠിപ്പിക്കാൻ ഇടയായി. "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക ദുഷ്കരം." ഇതിൽ വിസ്മയഭരിതരായ ശിഷ്യന്മാരുടെ ചോദ്യം "അങ്ങനെയെങ്കിൽ രക്ഷപെടാൻ ആർക്കു സാധിക്കും." ഈശോ പഠിപ്പിച്ചു: മനുഷ്യർക്ക് ഇത് അസാധ്യമാണ്, എന്നാൽ ദൈവത്തിന് എല്ലാം സാധ്യമാണ്. എല്ലാം സാധ്യമായ ഈ ദൈവമാണ് നാം ഇന്ന് വായിച്ചു കേട്ട വചനഭാഗത്തിലെ സ്വർഗ്ഗരാജ്യമാകുന്ന മുന്തിരിത്തോട്ടത്തിലേക്ക് ജോലിക്കാരെ തേടിയിറങ്ങിയ യജമാനൻ. ദൈവമായ കർത്താവ് വിളിക്കുന്നത് ഭൗതികമായ മുന്തിരിത്തോട്ടത്തിലേക്കല്ല മറിച്ച് സ്വർഗ്ഗരാജ്യത്തിലേക്ക്. സമ്പത്തിന്റെ അതിപ്രസരത്തിൽ ധാരാളം ധൂർത്ത് നമ്മുടെ നിത്യജീവിതങ്ങളെ മാറ്റിമറിക്കുന്നത് നാം കാണുമ്പോൾ, ഇവിടെ തന്റെ യഥാർത്ഥ സമ്പത്ത് എല്ലാവർക്കും തുല്യമായി വീതിച്ചു നൽകാൻ കഴിയുന്ന വിശാല ഹൃദയത്തിനുടമയാണ് ദൈവം. സ്വർഗ്ഗരാജ്യം വിശാല ഹൃദയങ്ങളെ കാത്തിരിക്കുന്ന ഇടമാണ്. ആരെയും ഒഴിവാക്കാത്ത സ്നേഹം. എല്ലാവരും എത്തിപെടേണ്ട സ്ഥലത്തേക്കുള്ള ക്ഷണം. സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശനം ആർക്കും നിഷേധിച്ചിട്ടില്ല ദൈവം. നീതിമാന്മാർക്ക് മാത്രമുള്ളതല്ലാ മറിച്ച് വിജാതിയർക്കും മാനസാന്തരപ്പെടുന്ന പാപികൾക്കും വേണ്ടിയുള്ളതാണ് ആ ക്ഷണം. പാപികളെ തേടിയിറങ്ങുന്നവനാകാനുള്ള ഒരു ക്ഷണം... സ്വർഗ്ഗരാജ്യമാകുന്ന മുന്തിരിത്തോട്ടത്തിലെ ഉടമസ്ഥനായ ദൈവത്തിന്റെ ക്ഷണമാണത്.

## ഒക്ടോബർ 18 ഏലിയാ സ്ലീവ മൂശ എട്ടാം ഞായർ

**ഏശയ്യാ 41:1-7, ഗലാ 5:16-26, ലൂക്കാ 8:41-56**

ഈശോയുടെ പ്രത്യേക സ്നേഹത്തിനും പരിഗണയ്ക്കും അളവറ്റ കൃപയ്ക്കും പാത്രീഭുതരായ രണ്ടു സ്ത്രീകഥാപാത്രങ്ങളെ നമുക്ക് പരിചയപ്പെടുത്തുന്നു. സിനഗോഗ് അധികാരിയായ ജായ്റോസിന്റെ പന്ത്രണ്ടു വയസുണ്ടായിരുന്ന ഏക പുത്രി മരിച്ചു. ജായ്റോസ് ഈശോയുടെ കാൽക്കൽ വീണിരിക്കുന്നു. തന്റെ ഭവനത്തിലേക്ക് വരാനുള്ള അപേക്ഷയുമായി. തമ്പുരാന്റെ മുമ്പിൽ, എളിമയോടെ മുട്ടുകൾ മടക്കുവാനുള്ള

ക്ഷണംമാണിവിടെ നാം കാണുന്നത്. വിശ്വസിക്കുന്നവരെ കൈവിടാത്ത തമ്പുരാന്റെ സ്നേഹമാണ്, ഈശോ തന്റെ മറുപടിയിലൂടെ കൊടുക്കുന്നത്. "ഭയപ്പെടേണ്ട, വിശ്വസിക്കുക മാത്രം ചെയ്യുക അവൾ സുഖം പ്രാപിക്കും." (ലൂക്കാ 8,50)

ജായ്റോസിന്റെ വീട്ടിലേക്കുള്ള ഈശോയുടെ യാത്രയിൽ (ലൂക്കാ സുവിശേഷകൻ) മറ്റൊരു സംഭവം കൂടി വിവരിച്ചിരിക്കുന്നു. 12 വർഷമായി രക്തസ്രാവമുണ്ടായിരുന്ന ഒരു സ്ത്രീയുടെ സൗഖ്യം. പന്ത്രണ്ടു വർഷമായി സമൂഹത്തിന്റെ കിരാതനിയമങ്ങളാൽ ദേവാലയത്തിൽ പോകുവാനോ സമൂഹമദ്ധ്യത്തിൽ പ്രത്യക്ഷപ്പെടാനോ സാധിക്കാതിരുന്ന ഒരു ഹതഭാഗ്യ.

പല വൈദ്യന്മാരും പരിശ്രമിച്ചിട്ടും ഭേദമാക്കാൻ പറ്റാതിരുന്ന രക്തസ്രാവം വിശ്വാസത്തോടെയുള്ള ഒരു സ്പർശനം മാത്രം വഴി സുഖമാക്കപ്പെടുന്നു. (ലൂക്കാ 8:43-48). ദൈവത്തോടുള്ള തന്റെ വിശ്വാസമാണ് അവൾ ലോകത്തിനു മുമ്പിൽ വിളിച്ചു പറയുന്നത്. നമ്മുടെ വിശ്വാസം എത്രമാത്രം ആഴമുള്ളതായിരിക്കണം എന്ന് ഈ സ്ത്രീ നമ്മെ പഠിപ്പിക്കുന്നു. സൗഖ്യദായകനും ജീവദായകനുമായ ഈശോയെ നാം എന്തേ മാറ്റി നിറുത്തിയിരിക്കുന്നു ജീവിതത്തിലെ ചില നിമിഷങ്ങളിൽ?

ഈശോ ഈ സംഭവത്തിനുശേഷം ജയ്റോസിന്റെ വീട്ടിലെത്തുകയും, അവന്റെ മകളെ ഉയർപ്പിക്കുകയും ചെയ്യുന്നു.

ഈ രണ്ടു സംഭവങ്ങളിലും നാം കണ്ടുമുട്ടിയ കഥാപാത്രങ്ങൾ ഈശോയിൽ വിശ്വസിച്ചു എന്നതാണ് പ്രധാനം. വിശ്വാസമുള്ളിടത്ത് അത്ഭുതം നടക്കും. തമ്പുരാന്റെ മുന്നിൽ മുട്ടുകൾ മടക്കുവാൻ, നമ്മുടെ തീരാത്ത വേദനകളിലും സൗഖ്യദായകനായ ഈശോയെ വിശ്വാസത്തോടെ സമീപിക്കാൻ നമുക്ക് സാധിക്കണം.

## ഒക്ടോബർ 28 ഏലിയാ സ്ലീവ മൂശ ഒമ്പതാം ഞായർ

**ഏശയ്യാ 41:8-16, ഗലാ 6:1-10, മത്താ 8:23-34**

സകലത്തിന്റെയും സൃഷ്ടാവായ ദൈവത്തെ മറക്കാതിരിക്കാൻ തിരുസഭ നമ്മെ ക്ഷണിക്കുന്നു. ഏശയ്യാ 41:20 "ഇസ്രായേലിന്റെ പരിശുദ്ധൻ ഇവയെല്ലാം സൃഷ്ടിച്ചുവെന്നും അവിടുത്തെ കരങ്ങളാണ് ഇവയെല്ലാം ചെയ്തതെന്നും മനുഷ്യർ കണ്ട് അറിയാനും ചിന്തിച്ചു മനസ്സിലാക്കാനും വേണ്ടി തന്നെ." സകലത്തിന്റെയും സൃഷ്ടാവും പരിപാലകനും ദൈവമായ കർത്താവാണ്. അതുകൊണ്ടാണ് സൃഷ്ടിയുടെ മകുടമായ മനു

ഷ്യനെ നോക്കി കർത്താവ് പറയുന്നത്: "ഭയപ്പെടേണ്ടാ ഞാൻ നിന്നോടുകൂടെയുണ്ട്" (ഏശ. 41:10). ഇവിടെ നിന്നുവേണം നാം കൊടുങ്കാറ്റിനെ ശാന്തമാക്കിയ ഈശോയിലേക്ക് യാത്ര തുടങ്ങാൻ. ഈശോ തോണിയിൽ കയറിയപ്പോൾ ശിഷ്യന്മാർ അവനെ അനുഗമിച്ചു. തുടർന്നു വന്ന കൊടുങ്കാറ്റ് ഈശോയെ അനുഗമിക്കുന്നവർ നേരിടേണ്ടിവരുന്ന അപകടങ്ങളെയും സാഹസികതയെയും നമുക്ക് മുമ്പിൽ അവതരിപ്പിക്കുകയാണ്. ഇവിടെ ഏശയ്യാ പ്രവാചകനിലൂടെ കർത്താവ് അരുൾ ചെയ്ത വാക്കുകൾ നമ്മെ ധൈര്യപ്പെടുത്തുന്നു: "ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്." ജീവൻ നൽകിയവനും ലോകത്തെ നിയന്ത്രിക്കുന്നവനുമായ ഈശോ നമ്മുടെ ജീവിതമാകുന്ന അമരത്ത് തലവെച്ചുറങ്ങുമ്പോൾ നാം പതറേണ്ടതില്ല.

തിരമാലകൾ കുതിച്ചുയുർന്നപ്പോൾ ശിഷ്യന്മാർ ഭയവിഹ്വലരായി. ഈശോയിലുള്ള സമർപ്പണം സമ്പൂർണ്ണമാകാതിരുന്നതാണ് ശിഷ്യന്മാർ ഭയപ്പെടാൻ കാരണമായത്. സൃഷ്ട പ്രപഞ്ചത്തിന്റെയെല്ലാം ഉടയവനാണ് ഈ തോണിയിൽ ഉറങ്ങുന്നവൻ എന്ന് തിരിച്ചറിയാതെപോയവരാണ് ശിഷ്യഗണം. നമ്മുടെ ജീവിതത്തിലും പലപ്പോഴും പലതിനെയും പഴിചാരാനും പ്രകൃതിയുടെ പ്രതിഭാസങ്ങളെ ചോദ്യം ചെയ്യാനും ഇടയുള്ളപ്പോൾ നമുക്കോർക്കാം ജോബിന്റെ പുസ്തകം 38:4-ാം വാക്യം "ഞാൻ ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ നീ എവിടെയായിരുന്നു? നിനക്കറിയാമെങ്കിൽ പറയുക." കർത്താവിൽ പൂർണ്ണമായ വിശ്വാസം അർപ്പിക്കുകയാണ് നാം ഓരോരുത്തരും ചെയ്യേണ്ടത്. ഈശോയുടെ ഒറ്റ വാക്കാൽ ശാന്തമാകുന്ന കാറ്റും കടലും ശിഷ്യന്മാരുടെ കണ്ണുതുറപ്പിച്ചെങ്കിൽ, നമ്മുടെ ജീവിതമാകുന്ന തോണി ആടിയുലയുമ്പോൾ ഈശോയുടെ വചനങ്ങൾ നമ്മുടെ ഹൃദയങ്ങൾക്ക് മിഴിവേകട്ടെ.

**ബ്ര. മാത്തുക്കുട്ടി കുളക്കാട്ടുകുടിയിൽ**

# വാർത്തകൾ

## വിവാഹം അസാധുവായി പ്രഖ്യാപിക്കുന്ന നടപടിക്രമം ലഘൂകരിച്ചു

വത്തിക്കാൻ : വിവാഹം അസാധുവാക്കുന്നതിനെ സംബന്ധിച്ചുള്ള രണ്ട് അപ്പസ്തോലിക പ്രബോധനങ്ങൾ ഫ്രാൻസിസ് മാർപാപ്പ പുറപ്പെടുവിച്ചു. കരുണയുടെ വർഷത്തിൽ ആത്മാക്കളുടെ രക്ഷയെ ലക്ഷ്യമാക്കിയുള്ളതാണ് ഈ പ്രബോധനങ്ങൾ. പാശ്ചാത്യ സഭകൾക്കും പൗരസ്ത്യസഭകൾക്കുമായി രണ്ട് രേഖകളാണ് മാർപാപ്പ പുറപ്പെടുവിച്ചിരിക്കുന്നത്. "ലോർഡ് ജീസസ് ദ ക്ലമന്റ് ജഡ്ജ്" എന്നത് ലാറ്റിൻ സഭയ്ക്കുവേണ്ടിയും 'ക്ലെമന്റ് ആന്റ് മേഴ്സിഫുൾ ജീസസ്സ്' എന്നത് പൗരസ്ത്യ സഭയ്ക്കുവേണ്ടിയുമാണ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. വിവാഹമോചിതർക്കും പുനർവിവാഹിതർക്കും ആശ്വാസം നൽകുന്ന നിർദ്ദേശങ്ങളാണ് ഇതിലുള്ളത്. കൃത്യമായ ഏഴു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നവീകരണം നടപ്പിലാക്കിയിരിക്കുന്നത്. കത്തോലിക്കാ സഭയുടെ നിലവിലുള്ള പ്രബോധനം വിവാഹമോചനത്തിന് അനുകൂലമല്ല. വളരെ സങ്കീർണ്ണവും കാലദൈർഘ്യം നേരിടുന്നതുമാണ് കത്തോലിക്കരുടെ വിവാഹമോചന കാര്യങ്ങൾ. ഇത്തരമൊരു സാഹചര്യത്തിലാണ് മാർപാപ്പ നിർണ്ണായകമായ രണ്ടു പ്രബോധനങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്.

## ദൈവാശ്രയമാണ് യഥാർത്ഥ സമ്പത്ത്: ഫ്രാൻസിസ് പാപ്പ

ക്യൂബ : ഒരാൾ യഥാർത്ഥത്തിൽ സമ്പന്നനാവുന്നത് ദൈവം അയാൾക്ക് കൂട്ടുള്ളപ്പോഴാണെന്ന് ഫ്രാൻസിസ് മാർപാപ്പ. ക്യൂബൻ സന്ദർശനത്തിന്റെ ഭാഗമായി ഹവാന കത്തീഡ്രലിൽ പുരോഹിതരോടും സമർപ്പിതരോടും വൈദികവിദ്യാർത്ഥികളോടും സംസാരിക്കുകയായിരുന്നു ഫ്രാൻസിസ് മാർപാപ്പ. സമ്പന്നരാവുക എന്നതിന്റെ അർത്ഥം ദൈവത്തിൽ ആശ്രയിക്കുക എന്നതാണ്. ഭൗതിക സമ്പത്ത് സത്യത്തിൽ നമ്മെ ദരിദ്രരാക്കുകയാണ് ചെയ്യുന്നത്. നമ്മിലുള്ള നന്മകളെ അത് കവർന്നെടുക്കുന്നു. ലോകത്തിന്റെ അരൂപി തന്നെതന്നെ ശൂന്യമാക്കി ദരിദ്രനയിത്തീർന്ന ദൈവപുത്രനെ സ്നേഹിക്കുന്നില്ല. ദാരിദ്ര്യത്തെ അമ്മയെന്നപോലെ സ്നേഹിക്കണമെന്ന് മാർപാപ്പ സമർപ്പിതരോട് ആഹ്വാനം ചെയ്തു.

# മത പ്രതീകങ്ങളുടെ ദുരുപയോഗം അവസാനിപ്പിക്കണം: കെ.സി.ബി.സി

കൊച്ചി : രാഷ്ട്രീയപാർട്ടികൾ മതപരമായ പ്രതീകങ്ങളെയും മത സ്ഥാപകരെയും രാഷ്ട്രീയ നേട്ടത്തിനായി ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പിക്കണമെന്ന് കെ.സി.ബി.സി. ഇത്തരം ദുരുപയോഗങ്ങൾ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ തന്നെ വിശ്വാസ്യത തകർക്കാനേ ഉപകരിക്കുകയുള്ളൂ. രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും നയപരിപാടികൾക്കും ജനങ്ങളിലുള്ള വിശ്വാസ്യത നഷ്ടപ്പെടുന്നു എന്ന ഭയമാണ് രാഷ്ട്രീയപാർട്ടികളെ മത പ്രതീകങ്ങളുടെ ദുരുപയോഗങ്ങളിലേയ്ക്ക് നയിക്കുന്നത്. ഇത് സമൂഹത്തിൽ അപകരകരമായ ചേരിതിരിവുകളും, വർഗ്ഗീയതയും വളർത്തുവാനും സാമൂഹിക ഐക്യവും സാഹോദര്യവും തകർക്കുകയും ചെയ്യുമെന്നും അതിനാൽ സാമുദായിക രാഷ്ട്രീയ നേതാക്കൾ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തണമെന്നും കെ.സി.ബി.സി. പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ വ്യക്തമാക്കി.